PWI- 2497328/2024

മുനിസിപ്പൽ ഓഫീസ്
പെരുമ്പാവൂർ
തീയതി: 08.06.2026

## ഇ-ടെണ്ടർ/റീ ഇ-ടെണ്ടർ നോട്ടീസ്

പെരുമ്പാവൂർ നഗരസഭയിലെ 2025-26, 2026-27 വർഷത്തെ വിവിധ ഫണ്ടിലുൾപ്പെടുത്തിയിട്ടുള്ള വിവിധ വേലകൾ ഏറ്റെടുത്തു നടത്തുവാൻ തയ്യാറുള്ള അംഗീകൃത കരാറുകാരിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| അടങ്കൽ | : 16,000/- മുതൽ 36,82,139/- രൂപ വരെ |
| ഇ-ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി | : 15.06.2026. 11.00 A.M |
| ഇ-ടെണ്ടറുകൾ തുറക്കുന്ന തീയതി | : 16.06.2026. 3.00 P.M |

നിലവിലുള്ള എല്ലാ മുനിസിപ്പൽ/പൊതുമരാമത്തു ചട്ടങ്ങളും ഇ-ടെണ്ടറിനും ബാധകമായിരിക്കും. 50,000/- രൂപയ്ക്കു മേൽ വരുന്ന ടെണ്ടറുകൾക്കൊപ്പം 200/- രൂപ മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ കൂടി സമർപ്പിക്കേണ്ടതാണ്.

1. ദർഘാസ് പ്രമാണങ്ങൾ ഇ-ടെണ്ടർ വെബ് സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.
2. ദർഘാസിനൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ദർഘാസ് ഫീയും നെറ്റ് ബാക്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്.
3. ദർഘാസുകൾ ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. നെറ്റ് വർക്ക് തകരാറുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെണ്ടർ സ്വീകരിക്കുന്ന ആൾ ഉത്തരവാദി ആയിരിക്കുന്നതല്ല.
4. ദർഘാസ് ഫോറങ്ങളും അനുബന്ധ രേഖകളും ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി വരെ ഇ-ടെണ്ടർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.
5. നിർദിഷ്ടരീതിയിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത സമയത്തിന് മുൻപായി ഇ-ടെണ്ടർ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കേണ്ടതാണ്.
6. പ്രിലിമിനറി എഗ്രിമെന്റ്, കോൺട്രാക്ടേഴ്സ് ലൈസൻസ് കോപ്പി, ഇ-പേയ്മെന്റ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റ് രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. പ്രിലിമിനറി എഗ്രിമെന്റ്, കോൺട്രാക്ടേഴ്സ് ലൈസൻസ് കോപ്പി, ഇ-പേയ്മെന്റ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റ് രേഖകൾ എന്നിവയുടെ ഒറിജിനൽ ദർഘാസ് തുറന്ന് പരിശോധിക്കുന്നതിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
8. ഓൺലൈനായി എല്ലാ രേഖകളും സമർപ്പിക്കുകയും എന്നാൽ നിശ്ചിത സമയത്തിനകം ഹാർഡ് കോപ്പികൾ സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന കരാറുകാരുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്.
9. നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ദർഘാസുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
10. കുറഞ്ഞനിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ മുനിസിപ്പൽ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും, ഏതെങ്കിലും ദർഘാസോ, എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുവാനുള്ള അവകാശം മുനിസിപ്പൽ കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

11. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10 ശതമാനത്തിലധികം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യത്തിൽ അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതികമായി കരാർ വയ്ക്കുന്ന സമയത്ത് പെർഫോമൻസ് ഗ്യാരന്റി വയ്ക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരന്റി തുക നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായോ, മുനിസിപ്പാലിറ്റിയിൽ പണമായി ഒടുക്കിയോ നൽകാവുന്നതാണ്. അതുകൂടാതെ കരാർ തുകയുടെ അഞ്ച് ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്.
12. ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. അംഗീകൃത നിരക്ക് പ്രകാരം ടാർവീപ്പയുടെ വില ബില്ലിൽ നിന്ന് ഈടാക്കുന്നതായിരിക്കും.
13. പ്രവൃത്തികൾക്ക് വേണ്ടി ആവശ്യമായി വരുന്ന മുഴുവൻ സാധനങ്ങളും കരാറുകാരൻ തന്നെ സംഭരിക്കേണ്ടതും എഞ്ചിനീയറുടെ നിർദ്ദേശാനുസരണം പ്രവൃത്തിക്കുവേണ്ടി ഉപയോഗിക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സാധനങ്ങൾ ഡിപ്പാർട്ട്മെന്റ് വാങ്ങി നൽകുന്നതല്ല.
14. ഐറ്റം റേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവൃത്തി അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ.സി. പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കുകയുള്ളൂ.
15. ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരവും കേരള മുനിസിപ്പൽ പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും ഇ-ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.
16. ദർഘാസ് സ്വീകരിക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്.
17. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ചരക്കുസേവന നികുതി (GST) പ്രകാരമുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ദർഘാസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നികുതി നിരക്കുകളിൽ വർദ്ധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാർ ബാധ്യസ്ഥരായിരിക്കുന്നതാണ്.
18. പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നോ Website:-www.etenders.kerala.gov.in, http://tender.lsgkerala.gov.in, www.perumbavoormunicipality.lsgkerala.gov.in നിന്നോ അറിയാവുന്നതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ
പെരുമ്പാവൂർ നഗരസഭ

Assistant Engineer
Municipal Office Perumbavoor

പകർപ്പ്:-1) ഓഫീസ് നോട്ടീസ് ബോർഡ്
2) വെബ് സൈറ്റ്

PW1- 2497328/2024

Tender notice dt. 08.06.2026
**E-Tender Closing dt. 15.06.2026, 11.00 AM**
**E-Tender Opening dt. 16.05.2026, 3.00 PM**

## പെരുമ്പാവൂർ നഗരസഭ

## 2025-26, 2026-27 വർഷത്തെ വിവിധ ഫണ്ടിലുൾപ്പെടുത്തിയ ഇ-ടെണ്ടർ വേലകളുടെ ലിസ്റ്റ്

| ക്രമ നം. | ഫയൽ നം./പ്രോജക്ട് നം. | വേലയുടെ പേര് | അടങ്കൽ | എസ്റ്റിമേറ്റ് തുക (BOQ) | ഗ്യാരണ്ടി കാലാവധി | നിരത ദ്രവ്യം | ടെണ്ടർ ഫീ | പൂർത്തീകരണകാലാവധി |
|---|---|---|---|---|---|---|---|---|
| | **ഇ-ടെണ്ടർ** | | | | | | | |
| 1 | 09/2026-27 | മുനിസിപ്പൽ വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് (ഇലക്ട്രിക്കൽ വർക്ക്) | 1000000 | 710925 | 1 വർഷം | 17773 | 1570+ GST | 4 മാസം |
| 2 | 47/2025-26 | ഇ.എ.പി. ലെയിൻ റോഡ്, കനാൽ റോഡ്, ശാസ്തമംഗലം റോഡ്, അംഗൻവാടി റോഡ് മെയിന്റനൻസ് | 1100000 | 931756 | 5 വർഷം | 23294 | 1864+ GST | 6 മാസം |
| 3 | 100/2026-27 | ക്രിമിറ്റോറിയം മെയിന്റനൻസ് (ശാന്തിവനം മലമുറി) | 300000 | 116111 | 1 1/2 വർഷം | 2903 | 555+ GST | 6 മാസം |
| 4 | 106/26-27 | ഓൾഡ് പോസ്റ്റോഫീസ് ഐമുറി റോഡ് ചൊള്ളനാൽ റോഡ് അറ്റകുറ്റപ്പണികൾ | 700000 | 592757 | 1 വർഷം | 14819 | 1310+ GST | 10 മാസം |
| 5 | 160/2025-26 | സാംസ്ക്കാരിക കിയോസ്ക്കുകളുടെ നിർമ്മാണം | 1000000 | 806447.69 | 5 വർഷം | 20161 | 1780+ GST | 3 മാസം |
| 6 | 301/2025-26 | എസ്.സി. ക്രിറ്റോറിയം നവീകരണം | 1016000 | 838100 | 1 1/2 വർഷം | 20953 | 1850+ GST | 1 വർഷം |
| 7 | 404/25-26 | ഹോമിയോ ആശുപത്രി മെയിന്റനൻസ് ( ആയുഷ് മിഷൻ) സിവിൽ വർക്ക് | 300000 | 54832 | 1 1/2 വർഷം | 1371 | 555+ GST | 1 വർഷം |
| | **റീഇ-ടെണ്ടർ** | | | | | | | |
| 8 | 63/2025-26 | ഹോമിയോ ആശുപത്രി നവീകരണം | 350000 | 296062 | 1 1/2 വർഷം | 7402 | 655+ GST | 1 വർഷം |
| 9 | 66/2025-26 | മാലിന്യ സംസ്ക്കരണ പ്ലാന്റ് പുനരുദ്ധാരണം | 500000 | 423636 | 1 1/2 വർഷം | 10591 | 935+ GST | 8 മാസം |
| 10 | 145/25-26 | വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ | 3500000 | 2965794 | 1 വർഷം | 50000 | 2760+ GST | 6 മാസം |
| 11 | 152/25-26 | കുടിവെള്ള കിയോസ്ക്ക് നിർമ്മാണം | 500000 | 265668 | 1 വർഷം | 6642 | 590+ GST | 6 മാസം |
| 12 | 153/25-26 | മിനി എം.സി.എഫ് നിർമ്മാണം | 500000 | 422434 | 2 വർഷം | 10561 | 935+ GST | 8 മാസം |
| 13 | 181/2025-26 | കടുവാൾ കോളനി റോഡ് പുനരുദ്ധാരണം വാർഡ് 23. | 300000 | 153102 | 1 1/2 വർഷം | 3828 | 555+ GST | 6 മാസം |
| 14 | 200/2025-26 | പനച്ചിക്കുളം റോഡ് ബൈലെയിൻ പുനരുദ്ധാരണം വാർഡ് 09 | 212000 | 164697 | 1 വർഷം | 4117 | 555+GST | 8 മാസം |
| 15 | 357/25-26 | വല്ലം റെസ്റ്റ് ഹൗസ് മെയിന്റനൻസ് | 266204 | 203925 | 1 വർഷം | 5098 | 555+ GST | 9 മാസം |
| 16 | 360/25-26 | ഗുരുകൃപാ റോഡ് ബൈലെയിൻ ബി.ഒ.സി. റോഡ് ബൈലെയിൻ പുനരുദ്ധാരണം വാർഡ് നം. 8 | 294000 | 249032 | 5വർഷം | 6226 | 555+ GST | 9 മാസം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | PW1-4242569/25 | Re-build-SDRF സൗപർണ്ണിക ലെയിൻ റോഡ് മെയിന്റനൻസ് NC-Flood 2024-25 | 1000000 | 831711 | 2 വർഷം | 20795 | 1835+ GST | 6 മാസം |
| 18 | 1454694/24 | വാർഡ് 6 ൽ പറമ്പത്ത് കോളനിയിൽ കാന നിർമ്മാണം | 16000 | 13539.00 | 1 വർഷം | 338 | 335+ GST | 6 മാസം |
| | ക്വട്ടേഷൻ | | | | | | | |
| 19 | 100/26-27 | ക്രിമിറ്റോറിയം മെയിന്റനൻസ് - ബെഡ് മെയിന്റനൻസ് (ശാന്തിവനം മലമുറി) | 156800 | 156800 | 1 1/2 വർഷം | 3920 | 314+ GST | 6 മാസം |
| 20 | 305/2025-26 | വാർഡ് 15 ഇരിങ്ങോൾകാവ് പാർക്കിൽ കുട്ടികളുടെ കളി ഉപകരണങ്ങൾ സ്ഥാപിക്കൽ | 3682139 | 3682139 | 5 വർഷം | 50000 | 2760+ GST | 1 വർഷം |

അസിസ്റ്റന്റ് എഞ്ചിനീയർ
പെരുമ്പാവൂർ നഗരസഭ

Assistant Engineer
Municipal Office Perumbavoor

MUNICIPAL OFFICE * PERUMBAVOOR